# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത*
*ചോദ്യം നമ്പർ : 182*

*07/08/2017 -ലെ മറുപടി*

## *ചമ്പക്കര കനാലിന്റെ പാർശ്വഭിത്തി*

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. സ്വരാജ്** | **പിണറായി വിജയൻ**<br>**( *മുഖ്യമന്ത്രി* )** |
| (എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഇൻലാന്റ് നാവിഗേഷനുകീഴിലുള്ള ചമ്പക്കര കനാലിന്റെ പാർശ്വഭിത്തി തകർന്നത് കാരണം ഗതാഗത തടസ്സം ഉണ്ടായിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇവിടെ താമസിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും അപകട സാധ്യത നിലനിൽക്കുന്നത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;<br><br>(സി) പാർശ്വഭിത്തി പൂർണ്ണമായും തകർന്ന ദൂരവും എപ്പോൾ വേണമെങ്കിലും തകരുമെന്ന സ്ഥിതിയിൽ നിലനിൽക്കുന്ന ദൂരവും സംബന്ധിച്ച വിവരങ്ങൾ നൽകുമോ ; | (ബി) & (സി) തൃപ്പൂണിത്തുറ മണ്ഡലത്തിലൂടെ കടന്നുപോകുന്ന നാവിഗേഷൻ കനാലായ ചമ്പക്കര കനാൽ ദേശീയ ജലപാത - 3 ന്റെ ഭാഗമാണ്. ദേശീയ ജലപാത വികസനവും തുടർ നടപടിയും ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കി വരുന്നത്. അതിനാൽ ടി കനാലിന്റെ സംരക്ഷണവും നവീകരണവും ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിലാണ്. കനാലിന്റെ പാർശ്വഭിത്തി തകർന്ന വിവരം ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ എറണാകുളം റീജിയണൽ ഓഫീസ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) പാർശ്വഭിത്തി എത്രയും വേഗം പുനർനിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;<br><br>(ഇ) എന്നത്തേക്ക് ഈ പ്രവൃത്തി പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ ? | (ഡി) & (ഇ) കനാലിന്റെ പാർശ്വഭിത്തി പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ എറണാകുളം റീജിയണൽ ഓഫീസ് ഡയറക്ടർ അറിയിച്ചു. |

**സെക്ഷൻ ഓഫീസർ**